**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4930** **14-03-2023 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാല് വരിപ്പാത നിർമ്മിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തങ്കളം-കാക്കനാട് നാല് വരിപ്പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കാക്കനാട് തങ്കളം നാലുവരി പാത ചെ 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെ കെആർഎഫ്ബി – പിഎംയു വിന്റെ പരിധിയിലാണ് വരുന്നത്. പ്രസ്തുത റോഡ് 4 മണ്ഡലത്തിൽ കൂടി കടന്നു പോകുന്നുണ്ട്. (കുന്നത്തുനാട് -17 കിമീ, മൂവാറ്റുപുഴ -1.74 കിമീ, പെരുമ്പാവൂർ -1.26 കിമീ, കോതമംഗലം -7.324 കിമീ). പ്രസ്തുത റോഡിലെ നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപക്ക് 01.11.2016 ൽ ഭരണാനുമതി നൽകി 12/02/2021 ൽ ഭരണാനുമതി പുതുക്കിയിട്ടുള്ളതുമാണ്. തുടർന്ന് 27.324 കിമി നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കിമി 20/000 മുതൽ 27/324 വരെ) ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതി രേഖ റോഡ്സ് വിഭാഗത്തിൽ നിന്നും തയ്യാറാക്കിയത് കിഫ്ബിയിലേക്ക് 10/08/2020ൽ സമർപ്പിച്ചിരുന്നു. ആയതു വ്യക്തത വരുത്തി സമർപ്പിക്കേണ്ടതാണെന്നും, ഡി.പി.ആർ ഭാഗികമായി സമർപ്പിക്കാതെ 0/000 മുതൽ 27/324 വരെ ഒന്നിച്ചു സമർപ്പിക്കുവാനും 04/06/2021ലെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം കിഫ്ബിയിൽ നിന്ന് മടക്കി നൽകി. പ്രസ്തുത പദ്ധതിയുടെ 0/ 000 മുതൽ 20/000 യുള്ള ഭാഗത്തു നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരമുള്ള വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു 01/04/2022ന് സമർപ്പിച്ചതിനെ തുടർന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും സ്ഥല പരിശോധന നടത്തുകയും ആയതിൻറെ അടിസ്ഥാനത്തിൽ 09/11/2022 തീയതിയിലെ കത്ത് പ്രകാരം സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത അലൈൻമെന്റ് പലയിടങ്ങളിലും പവർ ഗ്രിഡ്കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിന്റെ ടവറുകൾ സ്ഥാപിച്ചിരിക്കുന്ന ഇടങ്ങളിലൂടെയാണ് |

| | | | |
|---|---|---|---|
| | | | കടന്നുപോകുന്നത്. കൂടാതെ IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8% പലസ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കിമി 20/000 മുതൽ 27/324 വരെ) ഭാഗത്തു ഈ ഗ്രേഡിയന്റ് 18% മുതൽ 34% വരെ ആണ് എന്നും ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത് ഡിസൈൻ ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാക്കും എന്നത് ഡിസൈൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കിഫ്ബിയെ 03/02/2023 തീയതിയിലെ കത്ത് പ്രകാരം തുടർ നിർദ്ദേശങ്ങൾക്കായി അറിയിച്ചിട്ടുള്ളതാണ്. കിഫ്ബിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭ്യമാകുന്നത് അനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്രമീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കടവ് മുതൽ കീഴില്ലം വരെയുള്ള പാത എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അലൈൻമെന്റ് അന്തിമമാക്കി പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ വീതിയെ സംബന്ധിച്ച തീരുമാനം ആകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ